## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1004** **25.01.2018 ലെ മറുപടി**

## കാസർഗോഡ് കുടിവെള്ള പദ്ധതി

| ചോദ്യം<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | മറുപടി<br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) കാസർഗോഡ് ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ;<br>ബി) എങ്കിൽ അനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;<br>സി) പഞ്ചായത്തുകൾ ഈ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ, ബി & സി) കാസർഗോഡ് ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് ദേശിയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപെടുത്തി 18.10.12 -ൽ 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്ക ആവശ്യമായ സ്ഥലങ്ങൾ പഞ്ചായത്ത് ജല അതോറിറ്റിക്ക് കൈമാറാത്തതിനാൽ പദ്ധതി തുടങ്ങാൻ സാധിച്ചില്ല . |
| ഡി) പഞ്ചായത്തുകൾ ഭൂമി ഏറ്റെടുത്ത് നൽകാത്ത സാഹചര്യത്തിൽ വാട്ടർ അതോറിറ്റി തന്നെ റവന്യൂ ഭൂമി കണ്ടെത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) പ്രസ്തുത പദ്ധതിയുടെ ശുദ്ധീകരണ ശാലയ്ക്ക് വേണ്ടി പഞ്ചായത്ത് റവന്യൂ ഭൂമി കണ്ടെത്തിയിരുന്നു. എന്നാൽ ഈ ഭൂമി സർക്കാർ മിച്ച ഭൂമിയായി പതിച്ച നൽകാൻ തീരുമാനിച്ചതിനാൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി സ്ഥലം ലഭിച്ചില്ല. ദേശിയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 25 ശതമാനത്തിൽ കുറവ് പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാവുകയില്ലെന്ന 1/11/2016 ലെ കേന്ദ്ര സർക്കാർ അറിയിപ്പ് ലഭിച്ചതിനെ തുടർന്ന നിലവിൽ പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യപ്പെട്ടിരിക്കുകകയാണ്. പ്രസ്തുത പദ്ധതിയുടെ സ്രോതസ്സ് പനത്തടി പഞ്ചായത്തിൽപ്പെട്ട സ്ഥലത്ത് ആയതിനാൽ 2016 ൽ സർക്കാർ തലത്തിൽ ചേർന്ന യോഗത്തിൽ പനത്തടി പഞ്ചായത്തിലെ ഏതാനും സ്ഥലങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ രൂപരേഖ പുതുക്കി തയ്യാറാക്കാൻ നിർദ്ദേശിച്ചു ഈ നിർദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രാഥമിക സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ